I/29987/2023

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംങ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
email:jdacad@gmail.com,
academicspecialcelldge@gmail.com
0471-2323198

നമ്പർ :HSE/6826/2023-Acd Spl2 തീയതി :12-09-2023

## വിജ്ഞാപനം

വിഷയം:- പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം - അക്കാദമിക്ക് സ്പെഷ്യൽ സെൽ - HSSTTP - സംസ്ഥാനതല കോഡിനേറ്റർമാരെ - തിരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു

സൂചന:- 16/06//2023 തീയതിയിലെ GO(Rt)No3576/2023/GEDN നമ്പർ സർക്കാർ ഉത്തരവ്

.

കേരളത്തിലെ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധിപ്പിക്കുന്നതിനായി സർക്കാർ അനുവദിച്ചിട്ടുള്ള EAPയുടെ ഭാഗമായി (Enhancement of academic Programme) ആവിഷ്കരിക്കപ്പെട്ടതാണ് എച്ച് എസ് എസ് ടി ടി പി (ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻപ്രോഗ്രാം). ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ഹയർസെക്കൻഡറി അധ്യാപർക്ക് നൽകുന്ന ദശദിന റെസിഡൻഷ്യൽ ഓറിയന്റേഷൻ കോഴ്സാണിത്. ഈ വർഷം സംസ്ഥാനത്താകെ വിവിധ വിഷയങ്ങളിലായി 65 ബാച്ചുകൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ആയത് വിജയകരമായി സംഘടിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഹയർസെക്കൻഡറി അധ്യാപരിൽ നിന്നും രണ്ട് കോഡിനേറ്റർമാരെ നിയമിക്കേണ്ടതുണ്ട്. പ്രസ്തുത കോഡിനേറ്റർമാരായി വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്നതിനായി എച്ച്എസ്എസ് ടി/ എച്ച് എസ് എസ് ടി ജൂനിയർ അധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**<u>യോഗ്യതകൾ</u>**

- ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ അധ്യാപകൻ/ അധ്യാപിക ആയിരിക്കണം.
- എച്ച്എസ്എസ് ടി/എച്ച്എസ്എസ് ടി ജൂനിയർ തസ്തികയിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവർത്തിപരിചയം ഉണ്ടായിരിക്കണം.
- സംസ്ഥാന ജില്ലാ തലങ്ങളിൽ വിവിധ പാഠ്യ-പാഠ്യേതര പരിപാടികൾ സംഘടിപ്പിച്ച് പരിചയമുള്ളവർക്ക് മുൻഗണനയുണ്ടായിരിക്കുന്നതാണ് .

<u>കടമകളും ഉത്തരവാദിത്വങ്ങളും</u>

- സംസ്ഥാനത്താകെ സംഘടിപ്പിക്കപ്പെടുന്ന എച്ച്എസ്എസ് ടിടിപി വിജയകരമായി നടത്തുന്നതിനായി ഡയറക്ടറേറ്റിലെ അക്കാദമിക്ക് സ്പെഷ്യൽ സെല്ലുമായി ചേർന്ന് പ്രവർത്തിക്കേണ്ടതാണ്.

- എസ് സി ഇ ആർ ടി യെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹയർസെക്കൻഡറി എന്നീ വിഭാഗങ്ങളിലെ വിഷയാധിഷ്ഠിത കോഴ്സ് കോർഡിനേറ്റർമാരെയും സംയോജിപ്പിച്ച് HSSTTP യുടെ ബാച്ചുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

- കോഴ്സ് കിറ്റ്, ബാനറുകൾ എന്നിവ ഓരോ സെൻററിലും എത്തിക്കുന്നതിനും എല്ലാ ബാച്ചുകളിലും കോഴ്സിൽ പങ്കെടുക്കുന്ന അധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കി സർക്കുലർ നൽകുന്നതിനും കോഴ്സ് കഴിയുന്നവർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും കോഡിനേറ്റർമാർക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കും.
- കോഴ്സ് കേന്ദ്രങ്ങളായി നിശ്ചയിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നേരിട്ട് പോയി കോർഡിനേഷൻ ചുമതല നിർവഹിക്കേണ്ടതായും വരും.

കോഡിനേറ്റർമാരായി തെരഞ്ഞെടുക്കുന്നവരെ വർക്ക് അറേഞ്ച് മെൻറ് അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ജോയിൻ ചെയ്യുന്നത് മുതൽ പരമാവധി 2024 മാർച്ച് 31 വരെയായിരിക്കും നിയമനം. ഈ അധ്യാപകർ സേവനമനുഷ്ഠിക്കുന്ന സ്കൂളുകളിൽ അധ്യയനം തടസ്സപ്പെടാതിരിക്കാൻ പകരം ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിനുള്ള തുക ഈപദ്ധതി പ്രകാരം

I/29987/2023

നൽകുന്നതാണ്. വർക്ക് അറേഞ്ച്മെൻറ് അടിസ്ഥാനത്തിൽ ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച പ്രവർത്തിക്കുന്നതിനായി നിയമിക്കപ്പെടുന്ന അധ്യാപകർക്ക് HSSTTPയുടെ സംഘാടനവുമായി ബന്ധപ്പെട്ട യാത്രകൾക്ക് അനുവദനീയമായ DA/TA ലഭിക്കുന്നതാണ്. താല്പര്യവും യോഗ്യതയും ഉള്ള സർക്കാർ ഹയർസെക്കൻഡറി അധ്യാപകർ അവരവരുടെ ഓഫീസ് മേലധികാരിയുടെ അറിവോടും സമ്മതത്തോടും കൂടി താഴെക്കാണുന്ന ഗൂഗിൾ ഫോം ലിങ്ക് വഴി സെപ്റ്റംബര് 16 നകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഷോർട്ട് ലിസ്റ്റ് ചെയ്യുന്ന അധ്യാപകരിൽ നിന്നും ഇൻറർവ്യൂ അടിസ്ഥാനത്തിലാണ് അന്തിമമായ തെരഞ്ഞെടുപ്പ് നടത്തുന്നത്.

ഗൂഗിൾ ഫോം ലിങ്ക്:-

https://forms.gle/XP53YZHAaFzo6kX67

Signed by
R Sureshkumar
Date: 12-09-2023 11:04:53

**ജോയിൻറ് ഡയറക്ടർ (അക്കാഡമിക്)**

(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)